ക്ക് ഒരു ഭജനമഠം പണിയുന്നതിനു് ഒ ൫ സെൻറ് സ്ഥലം അകപയർചെയ്യാൻ നടപടിനടത്തിവരുന്നുണ്ടു്.

(b) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഏതു കൊല്ലത്തിലാണു് ഈ സംഖ്യ അനുവദിച്ചിട്ടുള്ളതെന്നു് ഇതിൽ മറുപടി പറഞ്ഞിട്ടില്ല.

രാമവമ്മതമ്പുരാൻ.—സംഖ്യ അനുവദിച്ചിട്ടില്ലെല്ലൊ.

മിസ്റ്റർ കെ. പി. വള്ളോൻ.—ഒ ൫ സെൻറ് സ്ഥലം അകപയർ ചെയ്യാൻ നടപടി നടത്തിവരുന്നുണ്ടെന്നു പറയുന്നു. അതു് എവിടെയാണു്; ഏതു കൊല്ലത്തിൽ അകപയർ ചെയ്യും?

രാമവമ്മതമ്പുരാൻ.—നോട്ടീസു വേണം

Feeding charge—Depressed Class students—Mulavukad.

276. മിസ്റ്റർ കെ. പി. വള്ളോൻ.—മുളവുകാടു് വടക്കെതറത്തു സ്ഥിതിചെയ്യുന്ന സ്കൂളിൽ പഠിക്കുന്ന അധഃകൃത വിദ്യാർത്ഥികൾക്കു് എത്ര നാളായി ഫീഡിങ്ങ് ചാർജ്ജ് കൊടുത്തിട്ടു്; ഫ ഫ ഠവ-ലും ഫ ഫ ഠ ൽ-ലും എത്ര കുട്ടികൾക്കു കൊടുത്തിട്ടുണ്ടു്; ആവക സംഖ്യയെത്ര; കൊടുത്തിട്ടുണ്ടെങ്കിൽ കുട്ടികളുടെ കാരണവന്മാരുടെ കയ്യിൽനിന്നും സയിൻചെയ്യുവാങ്ങീട്ടുള്ള വൌച്ചറിൻറെ ഓരോ കോപ്പികളും ഈ മേശപ്പുറത്തുവെക്കുമോ?

രാമവമ്മതമ്പുരാൻ.—സ്കൂളിൻറെ പേർ പറയാത്തതുകൊണ്ടു് ശരിയായ ഉത്തരം പറയുവാൻ സാധിക്കുന്നതല്ല.

Eviction of Depressed Classes—Narakkal.

277. മിസ്റ്റർ കെ. പി. വള്ളോൻ.—ഞാറക്കൽ പുതുവൽ സ്ഥലത്തു പുരവെക്കുകയും തെങ്ങു, വാഴ, മുതലായവ വെക്കുകയും താമസിക്കുകയും ചെയ്തിട്ടുള്ളതു ഗവൺമെണ്ടിൻറെ അനുമതിയോടുകൂടി അല്ലാത്തതിനാലാണോ ടിയാന്മാരെ കുടിയിറക്കി കളയുവാനുള്ള കാരണം?

രാമവമ്മതമ്പുരാൻ.—ഞാറക്കൽ പുതുവൽസ്ഥലത്തു പുലയർ പുരവെച്ചതും മറ്റും ഗവൺമെണ്ടു അനുമതിയോടുകൂടിയാണു്. അവരെ കുടിയിറക്കി കളഞ്ഞിട്ടില്ല.

Warden—Nettur Ullada Colony.

278. മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടൂർ ഉള്ളാടകോളനിയിൽ ഇപ്പോൾ വാർഡനാരാണു്; അദ്ദേഹത്തിൻറെ പേരെന്തു്; ജാതിയും താമസവും എവിടെയാണു്?

രാമവമ്മതമ്പുരാൻ.—സി. കെ. കൊച്ചുണ്ണിപ്പൻ വൈദ്യരാണു്. ജാതി തീയ്യനാണു്. താമസം നെട്ടൂരാണു്.

LIBRARY ARCHIVES Kerala Legislative Assembly